# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**പിജി ക്യാപ് 2026 – പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.**

**പ്രവേശനം ജൂലൈ 10 മുതൽ 20 വരെ.**

**ലേറ്റ് രജിസ്ട്രേഷൻ ജൂലൈ 15 മുതൽ.**

2026 – 2027 അദ്ധ്യയന വർഷത്തേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം അലോട്ട്മെന്റിന് ശേഷം നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള വിദ്യാർത്ഥികളുടെ പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. റാങ്ക് വിവരം സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമാണ്. പരാതികൾ **08.07.2026 ന വൈകീട്ട് 4 മണിവരെ, pgonline@uoc.ac.in** എന്ന ഇമെയിൽ വിലാസത്തിൽ സമർപ്പിക്കാം. അന്തിമ റാങ്ക് പട്ടിക **09.07.2026** ന പ്രസിദ്ധീകരിക്കും.

2026 – 2027 അദ്ധ്യയന വർഷത്തേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം അലോട്ട്മെന്റിന് ശേഷം നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകളിലേക്ക് വിദ്യാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ, സ്റ്റുഡന്റ് ലോഗിനിൽ ലഭ്യമായ തങ്ങളുടെ റാങ്ക്, സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള കോളേജുകളിലെ / സെന്ററുകളിലെ സീറ്റൊഴിവ് എന്നിവ പരിശോധിച്ച്, 2026 ജൂലൈ 10 മുതൽ, കോളേജുമായി ബന്ധപ്പെട്ട് നേരിട്ട് പ്രവേശനം നേടേണ്ടതാണ്. പ്രവേശനത്തിനായി കോളേജ് നിർദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതാണ്.

പിജി ക്യാപ് 2026 ലേറ്റ് രജിസ്ട്രേഷൻ സൗകര്യം 15.07.2026 മുതൽ വെബ്സൈറ്റിൽ (www.admission.uoc.ac.in ) ലഭ്യമാകും. ലേറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് പ്രവേശനം ജൂലൈ 20 ന ശേഷം.

**CU Campus**
**07.07.2026**

**(ഒപ്പ്)**
**ഡയറക്ടർ**